നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*237 19.3.2015 ലെ മറുപടിയ്ക്ക്

## ജലവിമാന സർവ്വീസ്

| ചോദ്യം<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.റ്റി.ജോർജ്ജ്<br>ശ്രീ. വർക്കല കഹാർ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | ജലവിമാന സർവ്വീസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ; | എ) | ഉണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്ടേഴ്സ് ലിമിറ്റഡ് നടത്തിയ സാദ്ധ്യതാ പഠന റിപ്പോർട്ട് അനുസരിച്ചാണ് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. സീ-പ്ലെയിൻ പദ്ധതിയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർഡ്രോമും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന പ്രവർത്തനങ്ങളാണ് സർക്കാർ നിർവ്വഹിക്കുന്നത്. കേന്ദ്ര സർക്കാർ ഏജൻസികളായ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ.), ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്) മുതലായവയിൽ നിന്നു അനുമതി ലഭിക്കുന്ന സ്വകാര്യ ഓപ്പറേറ്റർമാർക്ക് "ഓപ്പൺ സ്കൈ പോളിസി" പ്രകാരം സർവ്വീസ് നടത്താവുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) | കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി വിവിധ വിനോദ സഞ്ചാര ◦ കേന്ദ്രങ്ങളെ വായു മാർഗ്ഗം ബന്ധിപ്പിക്കുന്നതിനും കേരളത്തിന്റെ പ്രകൃതി ഭംഗി ആസ്വദിക്കുന്നതിനുമുള്ള നൂതനമായ ഒരു ടൂറിസം ഉത്പന്നം അവതരിപ്പിക്കുന്നതിന് വേണ്ടിയാണ് സീപ്ലെയിൻ പദ്ധതി ലക്ഷ്യമിടുന്നത്. |
| സി) | പ്രധാന ടൂറിസം സെന്ററുകളെ ബന്ധപ്പെടുത്താനും അതു വഴി ടൂറിസം മേഖലയ്ക്ക് ഉണർവ് നൽകുവാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | സി) | പദ്ധതി റിപ്പോർട്ട് പ്രകാരം അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ, എന്നീ കേന്ദ്രങ്ങൾ മുൻഗണനാ പ്രദേശങ്ങളായി പരിഗണിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വരികയാണ്. ഇവയിൽ കൊല്ലത്ത് അഷ്ടമുടി, ആലപ്പുഴയിൽ പുന്നമട എന്നീ ജലാശയങ്ങളിൽ ആവശ്യമായ വാട്ടർഡ്രോം ഒരുക്കിയിട്ടുണ്ട്. ഇവയും മറ്റ് വിമാനത്താവളങ്ങളുമായി ബന്ധിപ്പിച്ച് ജലവിമാന സർവ്വീസ് നടത്താവുന്നതാണ്. ഇവ കൂടാതെ അതാത് പ്രദേശങ്ങളിൽ ഹ്രസ്വദൂര വിനോദയാത്രയും(ജോയ് റൈഡ്) നടത്താവുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | പദ്ധതി എന്ന് മുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വിശദമാക്കുമോ ? | ഡി) | പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 02.06.2013 ന് കൊല്ലം അഷ്ടമുടിയിൽ ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. എന്നാൽ ചില മത്സ്യത്തൊഴിലാളി സംഘടനകൾ ഉയർത്തിയ എതിർപ്പിനെ തുടർന്ന് സർവ്വീസുകൾ നിർത്തിവെയ്ക്കുകയാണ് ഉണ്ടായത്. മത്സ്യബന്ധന മേഖലയിലെ തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സീപ്ലെയിൻ പദ്ധതി ഉൾനാടൻമത്സ്യബന്ധനരംഗത്ത് എന്തെങ്കിലും വിധത്തിലുള്ള ആഘാതം സൃഷ്ടിക്കുമോ എന്നത് സംബന്ധിച്ച് പഠനം നടത്തുവാനും അങ്ങനെയെങ്കിൽ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണ തോതിലുള്ള ജലവിമാന സർവ്വീസ് താമസിയാതെ ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ